# കേരള സംസ്ഥാന ജലസേചന വകുപ്പ്

## ചിറ്റൂർപ്പുഴ ജലസേചന വിഭാഗം, ചിറ്റൂർ

നമ്പർ: ഡി3/2167/04 തിയ്യതി: 09/10/2018

### പുനർ ലഘുദർഘാസ് പരസ്യം

കേരള ഗവർണ്ണർക്കുവേണ്ടി ചിറ്റൂർപ്പുഴ ജലസേചന വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ താഴെ പറയുന്ന പ്രവർത്തികൾക്കുവേണ്ടി 2018 ഒക്ടോബർ 24 -ാം തിയ്യതി ഉച്ചക്ക് 1.00 മണിവരെ മൽസരസ്വഭാവമുള്ള ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു. ദർഘാസുകൾ താഴെ ഒപ്പിട്ടിട്ടുള്ള അധികാരിയുടെ ഓഫീസിൽ അന്നേദിവസം ഉച്ചക്ക് 2.00 മണിക്ക് എക്സിക്യൂട്ടീവ് എഞ്ചിനീയറോ അദ്ദേഹം അധികാരപ്പെടുത്തുന്ന മറ്റ് ഉദ്യോഗസ്ഥരോ അപ്പോൾ ഹാജരുള്ള കരാറുകാരുടെ സാന്നിധ്യത്തിൽ തുറക്കുന്നതാണ്.

ദർഘാസ് പ്രമാണങ്ങളും മറ്റ് വിശദാംശങ്ങളും എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും 2018 ഒക്ടോബർ 17-ാം തിയ്യതി ഉച്ചക്ക് 1 മണിവരെ ഓഫീസ് സമയങ്ങളിൽ ദർഘാസ് പ്രമാണങ്ങളുടെ വില 0700-80-110-99-Revenue, GST - 8443-00-108-PW - Deposit എന്നീ ഹെഡ് ഓഫ് അക്കൗണ്ടുകളിൽ ട്രഷറിയിൽ പണമടച്ച് ചലാനുമായി രേഖാമൂലം അപേക്ഷിച്ചാൽ ലഭിക്കുന്നതാണ്. ദർഘാസ് പ്രമാണങ്ങൾ ജലസേചന വകുപ്പ്/പൊതുമരാമത്ത് വകുപ്പിലെ അംഗീകൃത കരാറുകാർക്കു മാത്രമേ ലഭിക്കുകയുള്ളൂ. കരാറുകാരൻ ഇലക്ട്രിക്കൽ 'സി' ക്ലാസും അതിനു മുകളിലുമുള്ളവരായിരിക്കണം. ദർഘാസ് പ്രമാണങ്ങൾ അന്യോന്യം കൈമാറാൻ പാടില്ലാത്തതുമാകുന്നു. ആവശ്യമായ നിരതദ്രവ്യം നിയമാനുസൃതമായ രീതിയിൽ കെട്ടിവെച്ച് രേഖകൾ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ ചാർത്തേണ്ടതാകുന്നു. അല്ലാത്ത ദർഘാസുകൾ നിരസിക്കുന്നതായിരിക്കും. ദർഘാസ് പ്രമാണങ്ങളുടെ വില അടച്ചാൽ യാതൊരു കാരണവശാലും മടക്കിക്കൊടുക്കുന്നതല്ല. ദർഘാസുകൾ രജിസ്ട്രേഡ് തപാൽ വഴി മാത്രമേ സ്വീകരിക്കുകയുള്ളൂ. കൊറിയർ സർവ്വീസ് മുഖേന അയയ്ക്കുന്ന ദർഘാസുകൾ പരിഗണിക്കുന്നതല്ല. തപാൽ തകരാറുകൾ മൂലമോ മറ്റോ കാലതാമസം വന്നാൽ ഈ ഡിപ്പാർട്ടുമെൻറിനു യാതൊരു ഉത്തരവാദിത്വവും ഇല്ല. 24.10.2018 ഉച്ചയ്ക്ക് 1.00 മണിക്കുശേഷം ലഭിക്കുന്ന ദർഘാസുകളും ദർഘാസ് കവറിനു പുറത്ത് പ്രവർത്തിയുടെ പേരും നമ്പറും ആലേഖനം ചെയ്യാത്തതും നിരസിക്കുന്നതാണ്.

കേരള പൊതുമരാമത്ത്/ജലസേചന വകുപ്പിലെ ദർഘാസുകളെ സംബന്ധിച്ച് നിലവിലുള്ള മറ്റെല്ലാ വ്യവസ്ഥകളും കൂടാതെ പ്രത്യേക നിബന്ധനകളും ഇതിനു ബാധകമായിരിക്കും. ഓരോ പ്രവർത്തിക്കും സമർപ്പിക്കുന്ന ദർഘാസ് പ്രമാണങ്ങളോടൊപ്പം 200/- രൂപയിൽ കുറയാത്ത മുദ്രപത്രത്തിൽ പ്രാഥമിക ഉടമ്പടി ടൈപ്പ് ചെയ്ത് പൂരിപ്പിച്ച് അടക്കം ചെയ്യേണ്ടതും അല്ലാത്തവ നിരസിക്കുന്നതുമായിരിക്കും.

ചിറ്റൂർപ്പുഴ ജലസേചന വിഭാഗം
എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ
കാര്യാലയം, ചിറ്റൂർ

പി.വി.പുഷ്പരാജ്
എക്സിക്യൂട്ടീവ് എഞ്ചിനീയർ
(കേരള ഗവർണർക്കു വേണ്ടി)

ചിറ്റൂർപ്പുഴ ജലസേചന വിഭാഗത്തിനു കീഴിലുള്ള Meenakshipuram lift Irrigation scheme ലെ ഇലക്ട്രിക്കൽ പ്രവർത്തികൾ.

| ദർഘാസ് നമ്പർ | പ്രവൃത്തിയുടെ പേര്, അടങ്കൽ തുക, നിരതദ്രവ്യം | ദർഘാസ് ഫോറത്തിൻെറ വില | പ്രവൃത്തിയുടെ കാലാവധി |
|---|---|---|---|
| 01/2018-19 | CPP-MLIS- പമ്പ് ഹൗസ് I ലെ 150HP മോട്ടോർ പമ്പിൻെറ ഓവർഹോളിംഗ് പ്രവർത്തി<br>അടങ്കൽ തുക: 1,60,000/-<br>നിരതദ്രവ്യം : 4,000/- | 525 + ജി.എസ്.റ്റി | 15 ദിവസം |
| 02/2018-19 | CPP-MLIS- പമ്പ് ഹൗസ് II ലെ 150HP മോട്ടോർ പമ്പ് 2 ൻെറ അടിയിന്തിര റീ വൈൻഡിങ് പ്രവർത്തി.<br>അടങ്കൽ തുക: 2,00,000/-<br>നിരതദ്രവ്യം : 5,000/- | 525 + ജി.എസ്.റ്റി | 15 ദിവസം |
| 03/2018-19 | CPP-MLIS- പമ്പ് ഹൗസ് II (EMS colony) ലെ ഇലക്ട്രിക് കണക്ഷൻ സർവ്വീസിംഗും കേടായ CT/PT യൂണിറ്റ് മാറ്റിവെക്കലും പ്രവർത്തി.<br>അടങ്കൽ തുക: 2,35,000/-<br>നിരതദ്രവ്യം : 5,900/- | 525 + ജി.എസ്.റ്റി | 30 ദിവസം |

എക്സിക്യൂട്ടീവ് എഞ്ചിനീയർ

<u>ജലവിഭവ വകുപ്പ്</u>

വിൻഡോ നമ്പർ: ഡി.3/2167/04 തിയ്യതി: 09/10/2018

**എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജലസേചന വിഭാഗം, ചിറ്റൂർ**

<u>പുനർ ലഘുദർഘാസ്</u>

ചിറ്റൂർപ്പുഴ ജലസേചന വിഭാഗത്തിനു കീഴിലുള്ള Meenakshipuram lift Irrigation scheme ലെ ഇലക്ട്രിക്കൽ പ്രവർത്തികൾ.

| | | |
|---|---|---|
| ആകെ പണികൾ | : | 3 എണ്ണം |
| നിരതദ്രവ്യം | : | 4000/- രൂപ മുതൽ 5900/- വരെ |
| അടങ്കൽ തുക | : | 5.95ലക്ഷം |
| ദർഘാസ് പ്രമാണത്തിൻെറ വില | : | 525 രൂപ + ജി.എസ്.റ്റി |
| ദർഘാസ് പ്രമാണങ്ങൾ വിൽക്കുന്നത് | : | 17/10/2018 ഉച്ചയ്ക്ക് 1.00 മണി വരെ |
| ദർഘാസ് പ്രമാണങ്ങൾ സ്വീകരിക്കുന്നത് | : | 24/10/2018 ഉച്ചയ്ക്ക് 1.00 മണി വരെ |
| ദർഘാസ് പ്രമാണങ്ങൾ തുറക്കുന്നത് | : | 24/10/2018 ഉച്ചയ്ക്ക് ശേഷം 2.00 മണിക്ക് |

പി.വി.പുഷ്പരാജ്
എക്സിക്യൂട്ടീവ് എഞ്ചിനീയർ,
ഇറിഗേഷൻ ഡിവിഷൻ,
ചിറ്റൂർ.